# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 166** **16.02.2016-ൽ മറുപടിക്ക്**

## സോളാർ കമ്മീഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>ശ്രീ. എം. ഹംസ<br>ശ്രീ. സി. കൃഷ്ണൻ | രമേശ് ചെന്നിത്തല<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സോളാർ കമ്മീഷന്റെ പ്രവർത്തനം ഇപ്പോൾ ഏത് ഘട്ടത്തിലെത്തിയിട്ടുണ്ടെന്നറിയിക്കാമോ; | (എ) സോളാർ കമ്മീഷന്റെ പ്രവർത്തനം ഇപ്പോൾ സാക്ഷിവിസ്താരം നടന്നുകൊണ്ടിരിക്കുന്ന ഘട്ടത്തിലാണ്. |
| (ബി) പ്രസ്തുത കമ്മീഷന് കാലാവധി നിശ്ചയിച്ചിരുന്നോ; അത് നീട്ടിക്കൊടുക്കുവാനുദ്ദേശിക്കുന്നുണ്ടോ; | (ബി) അന്വേഷണ കമ്മീഷനോട് ആറ് മാസത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചിരുന്നു. തുടർന്ന് നാല് തവണയായി കമ്മീഷന്റെ കാലാവധി ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. കമ്മീഷന്റെ കാലാവധി 27.04.2016-ൽ അവസാനിക്കും. |
| (സി) സർക്കാർ നിശ്ചയിച്ച് നൽകിയ ടേംസ് ഓഫ് റഫറൻസ് കമ്മീഷൻ പുതുക്കുകയുണ്ടായോ; | (സി) സർക്കാർ നിശ്ചയിച്ചു നൽകിയ ടേംസ് ഓഫ് റഫറൻസ് പ്രകാരം കമ്മീഷൻ അന്വേഷിക്കേണ്ട ആരോപണങ്ങൾ സംബന്ധിച്ച് വിശദാംശങ്ങൾ ശേഖരിച്ച്, ആരോപണങ്ങൾ നിർണ്ണയിച്ച് വ്യക്തത വരുത്തി അന്വേഷണ കമ്മീഷൻ 07.11.2014-ൽ ഒരു ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. എന്നാൽ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് വിപുലീകരിക്കുകയോ അന്വേഷണ പരിധിയിൽ പുതിയ വിഷയങ്ങൾ ഉൾപ്പെടുത്തുകയോ ചെയ്തിട്ടില്ല. |
| (ഡി) ജയിൽ-പോലീസ് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചകൾ സംബന്ധിച്ച് പ്രസ്തുത കമ്മീഷൻ ചൂണ്ടിക്കാണിക്കുകയുണ്ടായോ; അവ എന്തെല്ലാമായിരുന്നു; | (ഡി) തിരുവനന്തപുരം സെൻട്രൽ ജയിലിൽ കഴിയുന്ന സി. നമ്പർ 8966 ബിജു രാധാകൃഷ്ണൻ എന്ന പ്രതിയെ 12.11.2015-ൽ സാക്ഷി വിസ്താരത്തിനു ഹാജരാക്കാതിരുന്നതിനും ടിയാനെ 10.12.2015 തീയതി രാവിലെ 9.00 മണിയ്ക്ക് കമ്മീഷൻ മുൻപാകെ ഹാജരാക്കുവാൻ നിർദ്ദേശം നൽകിയിരുന്നുവെങ്കിലും രാവിലെ 10.00 മണിക്ക് ശേഷമേ ഹാജരാക്കിയുള്ളൂ എന്നത് സംബന്ധിച്ചും ജയിൽ അധികാരികളോട് വിശദീകരണം തേടിയിരുന്നു. |

(ഇ) ജയിൽ ഡി.ജി.പി. ആയിരുന്ന ശ്രീ. അലക്സാണ്ടർ ജേക്കബ്ബ് ഉൾപ്പെടെ സോളാർ കമ്മീഷൻ മുമ്പാകെ ഇതിനകം മൊഴി നല്കപ്പെട്ടവരിലൂടെ പുതുതായി വെളിപ്പെട്ടുത്തപ്പെട്ട ഏതെല്ലാം സംഗതികളിലാണ് സർക്കാർ സ്വമേധയാ നടപടികൾ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ ?

(ഇ) കമ്മീഷൻ മുമ്പാകെയുള്ള വെളിപ്പെടുത്തലുകളിന്മേൽ എന്തെങ്കിലും തുടർനടപടി ആവശ്യമുണ്ടെങ്കിൽ ആയത് സ്വീകരിക്കേണ്ടത് കമ്മീഷൻ തന്നെയാണ്.

സെക്ഷൻ ഓഫീസർ